c/c

9

**വിവരാവകാശം / മറുപടി**

നമ്പർ: G3-17901/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 23.1.2019

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

Aibi George
Parathanath (H)
Alakode (P.O)
Hill Top, Kannur.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: Aibi George-ന്റെ അപേക്ഷ.

സൂചനയിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട ചോദ്യങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

1) 2013ലെ സംസ്ഥാന സർക്കാരിന്റെ വയോജന നയം കാര്യക്ഷമമായി നടപ്പാക്കുന്നതിന് വേണ്ടി സാമൂഹ്യനീതി വകുപ്പിനെ ഒരു നോഡൽ ഏജൻസിയായി സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ആയതിനാൽ വയോജന ക്ഷേമത്തിനായുള്ള നിരവധി പദ്ധതികൾ വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്നു.

FCD 24/1/19
CO

വയോജനങ്ങൾക്കായി വകുപ്പിന് കീഴിൽ 16 വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ അന്തേവാസികളായ വയോജനങ്ങൾക്ക് സൗജന്യ താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ നൽകുന്നു. ഇവർക്ക ആയുർവേദ ചികിത്സയുടെ പ്രയോജനം ലഭ്യമാക്കുന്നതിനായ് വയോ അമൃതം പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു.

നിലവിൽ സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന വയോജന പരിപാലന കേന്ദ്രം അധിക സൗകര്യം നൽകിക്കൊണ്ട് അവയെ സായംപ്രഭ ഹോമുകൾ ആക്കി കൊണ്ടിരിക്കുന്നു. ഈ പകൽ പരിപാലന കേന്ദ്രങ്ങളിൽ കെയർ ഗിവർ സേവനം, യോഗ മെഡിറ്റേഷൻ ക്ലാസുകൾ, ടെലിവിഷൻ സൗകര്യം, ഫർണ്ണിച്ചറുകൾ എന്നീ സൗകര്യങ്ങൾ വകുപ്പ് നൽകി വരുന്നു.

സംസ്ഥാനത്തെ BPL വിഭാഗത്തിൽപ്പെട്ട 60 വയസ് കഴിഞ്ഞ പല്ലുകൾ പൂർണ്ണമായും നഷ്ടപ്പെട്ട വയോജനങ്ങൾക്ക് പൂർണ്ണ ദന്തനിര സൗജ്യമായി വച്ചു പിടിപ്പിച്ചു നൽകുന്ന 'മന്ദഹാസം' പദ്ധതി വിജയകരമായി നടപ്പാക്കി വരുന്നു. പ്രസ്തുത വിഭാഗത്തിൽപ്പെട്ട പ്രമേഹ രോഗികളായ വയോജനങ്ങൾക്ക് (ജില്ലകൾ തോറും 1000 പേർക്ക്) സൗജന്യമായി രക്തത്തിലെ

*db@18*

ഗ്ലൂക്കോസ് ലെവൽ നിർണ്ണയിക്കുന്ന ഗ്ലൂക്കോമീറ്ററുകളുടെ വിതരണം - വയോമധുരം പദ്ധതിയും വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്നു.

മുതിർന്ന പൗരൻമാരുടെ അവശതകൾ പരിഹരിക്കൽ അവരുടെ ആരോഗ്യപരിപാലനം തുടങ്ങിയ ലക്ഷ്യങ്ങൾക്കായി പഞ്ചായത്തുകളെ വയോ സൗഹൃദ ഗ്രാമപഞ്ചായത്തുകൾ ആക്കുന്ന പദ്ധതി ചില ജില്ലകളിൽ ആവിഷ്ക്കരിച്ചു കൊണ്ടിരിക്കുന്നു.

വയോജനങ്ങൾക്കും അംഗപരിമിതർക്കും സൗഹൃദമായി സർക്കാർ ഓഫീസുകൾ മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

വയോജന ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വയോജന കൗൺസിൽ, ജില്ലാ വയോജന കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാന വയോജന കൗൺസിലിന്റെ യോഗ തീരുമാന പ്രകാരം RSBY മാതൃകയിൽ വയജനങ്ങൾക്കായി ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയത് പ്രകാരം CHIS-മായി ബന്ധപ്പെട്ട് പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

മാതാപിതാക്കളുടേയും മുതിർന്ന പൗരൻമാരുടേയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007 പ്രകാരം സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ചട്ടങ്ങൾ 2009 ന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പ് പുറപ്പെടുവിച്ച സർക്കുലർ നം. 16/2010 പ്രകാരം ഓരോ പോലീസ് സ്റ്റേഷനിലും ആ സ്റ്റേഷൻ പരിധിയ്ക്കുള്ളിൽ ഒറ്റയ്ക്ക് താമസിക്കുന്ന മുതിർന്ന പൗരൻമാരുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കാനും അവർക്ക് സംരക്ഷണം നൽകുന്നതിന് പ്രത്യേക പരിഗണന നൽകുവാനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

2) ആനുകൂല്യങ്ങൾ നൽകുന്നതിലുണ്ടാകുന്ന വീഴ്ചകൾ പരിശോധിച്ച് നിശ്ചിത സമയത്തിനുള്ളിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ജീവനക്കാർക്ക് കർശന നിർദ്ദേശം നൽകുന്നു.

3) 60 വയസിന് മേൽ പ്രായമുള്ള എല്ലാ വ്യക്തികളെയും ഒരേപോലെ മുതിർന്ന പൗരൻമാർ എന്ന പരിഗണന നൽകിയാണ് വകുപ്പ് ആനുകൂല്യങ്ങൾ നൽകി വരുന്നത്. 60 വയസ്സിന് മുകളിലുകള്ള മുതിർന്ന പൗരൻമാർക്ക് വാർദ്ധക്യകാല പെൻഷനായി 1100 രൂപയും 75 വയസ്സിന് മുകളിലുള്ളവർക്ക് 1500 രൂപയും നൽകി വരുന്നുണ്ട്.

4) ഇന്ത്യൻ ശിക്ഷാനിയമം പ്രകാരം ക്രമസമാധാന വകുപ്പ് നടപടികൾ കൈക്കൊള്ളുന്നതാണ്. ഇക്കാര്യത്തിൽ വയോജനങ്ങൾക്കും ഉചിതമായ ശിക്ഷയ്ക്ക് അർഹതയുണ്ട്.

മേൽ പറഞ്ഞ മറുപടിയിൽ താങ്കൾ തൃപ്തനല്ലാത്തപക്ഷം സാമൂഹ്യനീതി ഡയറക്ടറേറ്റിലെ ഒന്നാം അപ്പീൽ അധികാരിക്ക് ചുവടെ ചേർക്കുന്ന വിലാസത്തിൽ 30 ദിവസത്തിനകം അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ശ്രീമതി.ഗീത.കെ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം.33

വിശ്വസ്തതയോടെ,

J J BASHUM

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ

*db@18*